യിട്ടുണ്ട്. കൂടാതെ മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, വയനാട് തുടങ്ങിയ വടക്കൻ ജില്ലകളിൽ മഞ്ഞളിപ്പ് രോഗം തടയുന്നതിന് Macro Management പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാർ 2004-2005-ൽ അനുവദിച്ച 280 ലക്ഷം രൂപ നടപ്പുവർഷം ചെലവഴിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികളെടുത്തുവരുന്നു. വരൾച്ചമൂലം കവുങ്ങ് കൃഷിക്ക് നാശം സംഭവിച്ചവർക്ക് കായ്ഫലമുള്ള ഒരു കവുങ്ങിന് 90 രൂപയും കായ്ഫലമില്ലാത്ത കവുങ്ങിന് 60 രൂപയും നിരക്കിൽ നഷ്ടപരിഹാരം നൽകും.

ശ്രീ. വി. കെ. സി. മമ്മത് കോയ: കവുങ്ങ് കൃഷി നശിച്ചിട്ടുള്ള സ്ഥലങ്ങളിൽ വീണ്ടും ഈ കൃഷി ചെയ്യാൻ സാധിക്കുകയില്ല. അതുകൊണ്ട് ആ കൃഷി പ്രദേശത്ത് മറ്റ് കൃഷികൾ ചെയ്യുന്നതിനാവശ്യമായ എന്തെങ്കിലും സഹായം നൽകാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: കവുങ്ങ് കൃഷി നടത്തുന്നിടത്ത് അത് വെട്ടിമാറ്റി പുതിയ കൃഷി ചെയ്യുന്നതിനെക്കുറിച്ചാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചത്. അതിപ്പോൾ നിലമാക്കണമെന്നുള്ള നിർബന്ധമൊന്നുമില്ല. കരഭൂമിയായിട്ടുതന്നെ കൃഷി ചെയ്യാം. അത് നിലമാക്കിയെടുക്കുന്നത് അനാവശ്യമായ കാര്യമാണ്. അതുകൊണ്ട് ആ വിധത്തിലുള്ള സൗകര്യങ്ങൾ വേണമെന്നില്ല. മറ്റ് കൃഷികൾ കൊടുക്കുന്നതിനേക്കാൾ ആ കൃഷിക്ക് കൊടുക്കുന്നതായിട്ടുള്ള ആനുകൂല്യം കിട്ടുകയും ചെയ്യും.

(2) കാസർഗോഡ് ജില്ലയിലെ ഗവൺമെന്റ് ആശുപത്രികളുടെ വികസനം

ശ്രീ. ചെർക്കളം അബ്ദുള്ള: സർ, കാസർഗോഡ് ജില്ലയിലെ ആരോഗ്യ പ്രശ്നങ്ങളിലേക്ക് സർക്കാരിന്റെ സജീവ ശ്രദ്ധ ക്ഷണിക്കുകയാണ്. മഞ്ചേശ്വരം സർക്കാർ ആശുപത്രി വളരെ വർഷങ്ങൾക്കുമുമ്പ് ആരംഭിച്ചതാണ്. ആ ആശുപത്രിയിൽ കിടത്തി ചികിൽസിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തി. എം. എൽ. എ. ഫണ്ട് വിനിയോഗിച്ച് സ്റ്റാഫ് ക്വാർട്ടേഴ്സ് അടക്കമുള്ള കാര്യങ്ങൾ ചെയ്തു കൊടുത്തു. എന്നാൽ അവിടെ ആവശ്യമായ ഡോക്ടർമാരും സ്റ്റാഫും മറ്റ് സൗകര്യങ്ങളുമില്ലാത്തതുകൊണ്ട് അവിടുത്തെ ജനങ്ങൾ വലിയ പ്രയാസമനുഭവിക്കുകയാണ്. മൽസ്യത്തൊഴിലാളി മേഖലയായ പാവപ്പെട്ടയാളുകൾ അധിവസിക്കുന്ന ആ പ്രദേശത്തെ ആശുപത്രിയിൽ രോഗികളെ കിടത്തി ചികിൽസിക്കാനാവശ്യമായ സംവിധാനങ്ങൾ ഇല്ലാതായിരിക്കുന്നു. പാവപ്പെട്ടവരുടെ ആശാകേന്ദ്രമായി പ്രവർത്തിക്കുന്ന ആശുപത്രിയെന്ന നിലയിൽ അവിടെ ആവശ്യമായ ഡോക്ടറേയും മറ്റ് സ്റ്റാഫിനേയും നിയമിച്ച് രോഗികളെ കിടത്തി ചികിൽസിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെ വളരെ പാവപ്പെട്ടവർ തമേസിച്ചുവരുന്ന മംഗൽപാടി, പെർള, ആരിക്കോട് ഫിഷറീസ്, ചെങ്കള തുടങ്ങിയ പ്രൈമറി ഹെൽത്ത് സെൻറുകൾ കമ്മ്യൂണിറ്റി ഹെൽത്ത് സെൻറുകളാക്കി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണം. മുൻമന്ത്രി ശ്രീ. കടവൂർ ശിവദാസൻ വിളിച്ചുചേർത്ത യോഗത്തിൽ ഈ ആശുപത്രികൾ അപ്ഗ്രേഡ് ചെയ്യുന്നതിനാവശ്യമായ ശുപാർശകൾ നടത്തിയിരുന്നതാണെന്ന കാര്യം ഞാൻ ഈ അവസരത്തിൽ ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ചെമ്മട്ടം വയലിൽ ആരംഭിച്ച കാസർഗോഡ് ജില്ലാ ആശുപത്രിയുടെ ഉദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവഹിച്ചു. ജില്ലാ ആശുപത്രി നേരത്തെ പ്രവർത്തിച്ചിരുന്ന കാഞ്ഞങ്ങാട് ടൗണിലുള്ള പഴയ

LIBRARY ARCHIVES Kerala Legislative Assembly

ആശുപത്രി കെട്ടിടം സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയായി രൂപപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണം. കാസർഗോഡ് ജില്ലയിലെ പല പ്രൈമറി ഹെൽത്ത് സെൻറുകളിലും ഇപ്പോഴും സ്ഥിരം ഡോക്ടർമാർ ഇല്ലാത്ത ഒരു ദുരവസ്ഥയാണുള്ളത്. എങ്കിലും ചില ആശുപത്രികളിലേക്ക് ഡോക്ടർമാർ വരുന്നുണ്ടെങ്കിലും അവർ ഉടനെ ലീവെടുത്ത് പോകുന്ന ഒരു സ്ഥിതിവിശേഷം നിലനിൽക്കുകയാണ്. ഗ്രാമപ്രദേശങ്ങളിലേക്ക് വരുന്ന ഡോക്ടർമാർക്ക് ലീവ് കൊടുക്കാതെ ആ പ്രദേശങ്ങളിൽത്തന്നെ സേവനമനുഷ്ഠിക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചില്ലെങ്കിൽ ഗ്രാമപ്രദേശങ്ങളിലെ ആശുപത്രികൾകൊണ്ട് പ്രയോജനമില്ലാത്ത ഒരു സാഹചര്യമുണ്ടാകും. ഡോക്ടർമാരില്ലാത്ത മുഴുവൻ ജില്ലാ ആശുപത്രികളിലും ഡോക്ടർമാരേയും മറ്റ് സ്റ്റാഫുകളേയും നിയമിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. വളരെ പാവപ്പെട്ട ആളുകളുടെ ആശ്രയം സർക്കാർ ആശുപത്രികൾ തന്നെയാണ്. സാമ്പത്തികശേഷിയുള്ള ആളുകൾ സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിലേക്ക് പോകുമ്പോൾ പാവപ്പെട്ട ബീഡി തൊഴിലാളികളുടേയും മൽസ്യത്തൊഴിലാളികളുടേയും ആശ്രയമായിട്ടുള്ളത് സർക്കാർ ആശുപത്രികളാണ്. ഇപ്പോൾ സർക്കാർ ആശുപത്രികളിൽ രോഗികളെ പരിശോധിച്ചതിനുശേഷം മരുന്നുകൾക്ക് prescription കൊടുക്കുന്ന രീതിയാണുള്ളത്. ഈ ആശുപത്രികളിൽ മരുന്നില്ല. സർക്കാർ ആശുപത്രികളിൽ മരുന്ന് അനുവദിക്കുന്നു എന്ന് പ്രഖ്യാപിക്കുകയും ചെയ്തു. പക്ഷേ ആശുപത്രികളിൽ മരുന്നില്ലാത്ത ഒരു സാഹചര്യമുണ്ട് എന്ന് പറഞ്ഞുകൊണ്ട് പ്രിസ്ക്രിപ്ഷൻ കൊടുക്കുന്ന നടപടി ഒഴിവാക്കി ജില്ലയിലെ അലോപ്പതി, ആയുർവേദം, യുനാനി, ഹോമിയോ ആശുപത്രികളിൽ ആവശ്യമായ സ്റ്റാഫിനെ നിയമിക്കുകയും രോഗികൾക്ക് അവരുടെ രോഗചികിൽസയ്ക്കാവശ്യമായ മരുന്നുകൾ നൽകുകയും ചെയ്യുന്ന ഒരു സമ്പ്രദായം അടിയന്തിരമായി ഉണ്ടാകണമെന്ന് അപേക്ഷിക്കുന്നു. ജില്ലയിലെ വികലാംഗരായവർക്ക് മെഡിക്കൽ ബോർഡ് ആശുപത്രികളിൽ അവരുടെ ക്യാമ്പ് നടത്തി സർട്ടിഫിക്കറ്റ് നൽകുന്നതിന് വലിയ ബുദ്ധിമുട്ട് കാണിക്കുന്നു എന്നാണ് പരാതി. ഇത് സംബന്ധിച്ച് കാസർഗോഡ് താലൂക്ക് ആശുപത്രിയിൽ വികലാംഗ സംഘടനകൾ സമരം തന്നെ നടത്തി. ഈയിടെ ഉപ്പടയിൽ നടത്തിയ വികലാംഗർക്കായുള്ള ക്യാമ്പിൽ മുന്നൂറോളം വികലാംഗർക്ക് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. പ്രധാന കേന്ദ്രങ്ങളിൽ ഓരോ മൊബൈൽ സംവിധാനം ഉണ്ടെന്ന് ഗവൺമെൻറ് പ്രഖ്യാപിച്ചിരിക്കുകയാണ്. പക്ഷേ മൊബൈൽ സംവിധാനം പ്രായോഗികമാണോ എന്ന് അറിയില്ല. ജില്ലയിലെ എല്ലാ കേന്ദ്രങ്ങളിലും വികലാംഗർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതിനാവശ്യമായ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് പ്രത്യേകമായ നിർദ്ദേശം നൽകണമെന്ന് അപേക്ഷിക്കുന്നു. മഴക്കാലം ആരംഭിച്ചു. ഇപ്പോൾ നിരവധി പകർച്ചവ്യാധികൾ വന്നുകൊണ്ടിരിക്കുകയാണ്. പകർച്ചവ്യാധിയുള്ള പ്രദേശത്ത്, പ്രത്യേകിച്ച് കടലോര മൽസ്യത്തൊഴിലാളികൾ തിങ്ങിതാമസിക്കുന്ന പ്രദേശങ്ങളിൽ ധാരാളമായി ഉള്ള പകർച്ചവ്യാധികൾ കണ്ടുപിടിച്ച് അവർക്ക് ചികിൽസ നൽകുന്നതിനും രോഗം പടർന്നുപിടിക്കാതിരിക്കാൻ രോഗികളെ മാറ്റുന്നതിനും ക്രിയാത്മകമായ നടപടി സ്വീകരിക്കണം. പ്രിക്കോഷൻ സെൻറർ ഉണ്ടാക്കുന്നതിനും രോഗബാധിതരുടെ രോഗം മാറ്റിയെടുക്കുന്നതിനും ആവശ്യമായ നടപടികൾ ഉണ്ടാകണം. ജില്ലയിലെ പൊതുവായ പ്രശ്നത്തിന് സർക്കാരിൻറെ ശ്രദ്ധാപൂർവ്വമായ പരിഗണനയുണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ): സർ, ബഹുമാനപ്പെട്ട മെമ്പർ ജില്ലയിലെ പൊതുവായ ആരോഗ്യക്ഷേമങ്ങളെ ബന്ധപ്പിച്ച് ചില കാര്യങ്ങൾ പറയുകയുണ്ടായി. ബഹുമാനപ്പെട്ട മെമ്പർ എഴുതിത്തന്ന

LIBRARY ARCHIVES Kerala Legislative Assembly

കാളിംഗ് അറന്‍ഷനിലെ നിർദ്ദേശങ്ങളിൽ ജില്ലയിലെ മൊത്തം കാര്യങ്ങളും സ്പർശിച്ചിട്ടുണ്ട്. 32 കിടക്കകളുള്ള മഞ്ചേശ്വരം ഗവൺമെന്റ് ആശുപത്രിയിൽ അനുവദിക്കപ്പെട്ട 13 തസ്തികകളിൽ അസിസ്റ്റന്റ് സർജൻ, സ്റ്റാഫ് നഴ്സ്, ഫാർമസിസ്റ്റ് എന്നിവരുടെ ഓരോ ഒഴിവുകളും നിലവിലുണ്ട്. ഈ ഒഴിവുകളും എത്രയും വേഗത്തിൽ നികത്തുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ച് വരികയാണ്. പ്രസ്തുത ആശുപത്രി സി. എച്ച്. സി.-യായി ഉയർത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള എം. എൽ. എ.-മാരുടെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ കാസർഗോഡ് ജില്ലാ മെഡിക്കൽ ആഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. മഞ്ചേശ്വരം ആശുപത്രിയെ സി. എച്ച്. സി.-യായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് സർക്കാർ പരിശോധിക്കുന്നതാണ്. മംഗൽപാടി, പെർള, ആരിക്കോടു ഫിഷറീസ്, കുമ്പിള, ചെർക്കളം, ചെങ്കള, പെരിയ എന്നി പ്രൈമറി ഹെൽത്ത് സെന്ററുകളെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളാക്കി ഉയർത്തണമെന്ന ആവശ്യത്തിൻമേൽ റിപ്പോർട്ട് സമർപ്പിക്കാൻ കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. എന്നാൽ പെർളയിൽ ഹെൽത്ത് സർവ്വീസസ് സെന്റർ സ്ഥാപിക്കുന്നതിനെ സംബന്ധിച്ചും കാഞ്ഞങ്ങാട് ടൗണിലുള്ള പഴയ ജില്ലാ ആശുപത്രി കെട്ടിടത്തിൽ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി ആരംഭിക്കുന്നത് സംബന്ധിച്ചുമുള്ള നിർദ്ദേശങ്ങളൊന്നും ഇതുവരെ സർക്കാരിന്റെ പരിഗണനയിലില്ല. ഇങ്ങനെ ഒരാവശ്യം വരുന്നതോടുകൂടി അക്കാര്യം തീർച്ചയായിട്ടും പരിശോധിക്കുന്നതാണ്. കാസർഗോഡ് ജില്ലയിലെ പ്രൈമറി ഹെൽത്ത് സെന്ററുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ ഈ വർഷം ആദ്യം ഒഴിവുണ്ടായിരുന്ന 46 ഡോക്ടർമാരുടെ തസ്തികകളിൽ പി. എസ്. സി. മുഖേന നിയമനം നടത്തിവരികയാണ്. പി.എസ്.സി. നിയമനം ലഭിക്കുന്ന ഡോക്ടർമാർ പിന്നോക്ക പ്രദേശങ്ങളിലും ഗ്രാമീണ മേഖലയിലും സേവനം അനുഷ്ഠിക്കാൻ വിമുഖത കാണിക്കുന്നതുമൂലം 17 അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുകളും നികത്തപ്പെടാതെയുണ്ട്. അത് പരിഗണിക്കാൻ ദിവസ വേതന കരാർ അടിസ്ഥാനത്തിൽ ഡോക്ടർമാരെ നിയമിക്കുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലയിൽ 15 ഡോക്ടർമാർ ദിവസവേതന കരാർ അടിസ്ഥാനത്തിൽ ഇപ്പോൾ ജോലി നോക്കുന്നുണ്ട്. എന്നാൽ ബന്തടുക്ക, വാണിനഗർ, വെള്ളരിക്കുണ്ട്, ചിറ്റാരിക്കൽ എന്നി പി. എച്ച്. സി.-കളിൽ ദിവസവേതന അടിസ്ഥാനത്തിൽ ഡോക്ടർമാരെ നിശ്ചയിക്കുന്നതിനുവേണ്ടിയുള്ള ഇൻർവ്യൂവിന് ആരും പങ്കെടുത്തില്ല. ജില്ലയിൽ 23 സ്റ്റാഫ് നഴ്സുമാരുടെ ഒഴിവുകളുണ്ട്. അത് പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒഴിവുകൾ ഉടൻ നികത്താനുള്ള നടപടി സ്വീകരിക്കും, കാസർഗോഡ് ജില്ലയിൽ ആകെ 21 ഡിസ്പെൻസറികളും മൂന്ന് ആശുപത്രികളുമാണ്, ഹോമിയോ വിഭാഗത്തിൽ ഉള്ളത്. ഇതിൽ മഞ്ചേശ്വരം മണ്ഡലത്തിൽ ഒരു ഡിസ്പെൻസറി മാത്രമാണ് നിലവിലുള്ളത്. അവിടെ എല്ലാ വിഭാഗം ജീവനക്കാരും ഉണ്ട്. നിലവിലുള്ള 6 ഹോമിയോ ഡോക്ടർമാരുടെ തസ്തികകളിൽ ദിവസവേതന നിരക്കിൽ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. ഹോമിയോ മെഡിക്കൽ ഓഫീസർമാരുടെ ഒഴിവുകളും പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അഞ്ച് ഫാർമസിസ്റ്റുകളുടെ ഒഴിവുകളിൽ യോഗ്യതയുള്ളവരുടെ അഭാവത്തിൽ പി. എസ്. സി. നിയമനം നടത്തിയിട്ടില്ല. മൂന്ന് സ്ഥലങ്ങളിൽ ദിവസവേതന അടിസ്ഥാനത്തിൽ റിട്ടയേർഡ് ഫാർമസിസ്റ്റിനെ നിയമിച്ചിട്ടുണ്ട്. ആയുർവേദ മെഡിക്കൽ ഓഫീസർ, ഫാർമസിസ്റ്റ് എന്നീ തസ്തികകളിൽ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത

LIBRARY ARCHIVES Kerala Legislative Assembly

തിനാൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന ദിവസ വേതന അടിസ്ഥാനത്തിൽ ഒഴിവുകൾ നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. യുനാനി ഡിസ്പെൻസറിയിലും കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ട്. ജില്ലയിലെ പി. എച്ച്. സി., സി. എച്ച്. സി. ഉൾപ്പെടെയുള്ള ആശുപത്രികളിൽ മരുന്ന് ലഭ്യമാക്കുന്നതിന് സപ്ലൈ ഓർഡർ ജൂൺ-ജൂലായ് മാസങ്ങളിൽ സെൻട്രൽ പർച്ചേസ് കമ്മിറ്റി വഴി നൽകി കമ്പനികൾ മരുന്ന് വിതരണം തുടങ്ങുകയും ചെയ്തിട്ടുണ്ട്. പേവിഷബാധയ്ക്കുള്ള പ്രതിരോധ മരുന്നുകൾ അടക്കമുള്ള അവശ്യ മരുന്നുകൾ വാങ്ങുന്നതിന് ഡി. എം. ഒ.യ്ക്ക് 3 ലക്ഷം രൂപ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ആശുപത്രി വികസന സമിതികൾ വഴി അത്യാവശ്യ മരുന്നുകൾ വാങ്ങി രോഗികൾക്ക് നൽകുന്നുണ്ട്. മരുന്നുകൾ പോരെങ്കിൽ ലോക്കൽ പർച്ചേസ് മുഖേന വാങ്ങുന്നതിന് ഡി. എം. ഒ.മാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ വികലാംഗ സർട്ടിഫിക്കറ് നൽകുന്നത് സംബന്ധിച്ച പരാതികൾ പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ജില്ലാ ആശുപത്രിയിൽ എല്ലാ മാസവും രണ്ടാമത്തെയും നാലാമത്തെയും വെള്ളിയാഴ്ചയും താലൂക്ക് ആശുപത്രിയിൽ നാലാമത്തെ വെള്ളിയാഴ്ചയുമാണ് മെഡിക്കൽ ബോർഡ് കൂടുന്നത്. ജില്ലാ ആശുപത്രിയിൽ 20-7-2005 വരെ 776 അപേക്ഷകൾ കിട്ടിയതിൽ 730 സർട്ടിഫിക്കറുകൾ വിതരണം ചെയ്തു കഴിഞ്ഞിട്ടുണ്ട്. താലൂക്ക് ആശുപത്രികളിൽ സ്പെഷ്യലിസ്റ് ഡോക്ടർമാരുടെ അഭാവംമൂലം 24-12-2004-നുശേഷം മെഡിക്കൽ ബോർഡ് കൂടിയിട്ടില്ല. അവിടെ 150 അപേക്ഷകളിൻമേൽ വികലാംഗ സർട്ടിഫിക്കറ് വിതരണം ചെയ്യാനുണ്ട്. അടുത്ത ആശുപത്രികളിൽനിന്നും ഡോക്ടർമാരെ ലഭ്യമാക്കി ബാക്കിയുള്ള വികലാംഗ സർട്ടിഫിക്കറുകൾ ഉടൻ നൽകുന്നതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയായ ഞാനും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരും 2005 ജനുവരി 10-നും 30-നും ഇടയിൽ എൻഡോസൾഫാൻ ദുരിതബാധിത മേഖല സന്ദർശിച്ചതിൻെറ അടിസ്ഥാനത്തിൽ ഒമ്പത് മെഡിക്കൽ ക്യാമ്പുകൾ നടത്തി. 3720 പേരെ പരിശോധിക്കുകയും 530 പേർക്ക് വികലാംഗ സർട്ടിഫിക്കറ് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. മഴക്കാല രോഗങ്ങളായ വൈറൽ പനി, ഡങ്കിപ്പനി, മലമ്പനി, എലിപ്പനി, മഞ്ഞപ്പിത്തം, വയറിളക്കം തുടങ്ങിയവയുടെ പ്രതിരോധത്തിനും നിയന്ത്രണത്തിനുമായി അലോപ്പതി, ഹോമിയോപ്പതി, ആയുർവേദം എന്നീ വിഭാഗങ്ങളിൽ ജില്ലയിൽ മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എല്ലാ ആശുപത്രികളോടനുബന്ധിച്ചും ഫീവർ ക്ലിനിക്കുകളും പ്രവർത്തിച്ച് വരുന്നുണ്ട്. എലിപ്പനി, ഡങ്കിപ്പനി, മഞ്ഞപ്പിത്തം മുതലായ സാംക്രമികരോഗങ്ങൾ മുൻകൂട്ടി കണ്ടുപിടിക്കുന്നതിനാവശ്യമായ രോഗനിർണ്ണയ കിറ്റുകളും ചികിൽസയ്ക്കാവശ്യമായ മരുന്നുകളും ജില്ലയിൽ ആവശ്യാനുസരണം ലഭ്യമാക്കിയിട്ടുണ്ട്. സാംക്രമിക രോഗങ്ങൾ തടയുന്നതിനുള്ള നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടന്നു വരുന്നു. രോഗനിവാരണ പ്രതിരോധ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് ജില്ലയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്.

ശ്രീ. ചെർക്കളം അബ്ദുള്ള: കാസർഗോഡ് ജില്ലാ ആശുപത്രിയുടെ ഉദ്ഘാടനത്തിൽ പങ്കെടുക്കാൻ അങ്ങേയ്ക്ക് കഴിഞ്ഞില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തപ്പോൾത്തന്നെ കാഞ്ഞങ്ങാട്ടുള്ള പഴയ ജില്ലാ ആശുപത്രി സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി ആക്കുന്നതിന് നിരവധി നിവേദനങ്ങൾ നൽകിയിട്ടുണ്ട്. ആ നിവേദനങ്ങളുടെ കോപ്പി അങ്ങേയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വളരെ ചുരുങ്ങിയ സ്റാഫ് മാത്രമേ അധികമായി വേണ്ടിവരുകയുള്ളൂ എന്നാണ് ഡയാക്ടർ പറഞ്ഞത്. അതുകൊണ്ട് അത് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയാക്കി മാറ്റുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ട നിർദ്ദേശമാണ്; തീർച്ചയായും അക്കാര്യം പരിശോധിക്കുന്നതാണ്.

IV. സബ്മിഷൻ

(1) പി. എസ്. സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി

ശ്രീ. വി. കെ. ചന്ദ്രൻ: സർ, മുനിസിപ്പൽ കോമൺ സർവ്വീസിൽ എൽ. ഡി. സി./ടൈപ്പിസ്റ്റ് നിയമനത്തിനുള്ള പി. എസ്. സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി ആഗസ്റ്റ് മാസം 1-ാം തീയതി അവസാനിക്കുകയാണ്. അതിനുവേണ്ടി 1993-ലാണ് പി. എസ്. സി. അപേക്ഷ ക്ഷണിച്ചത്. 1998-ൽ പരീക്ഷ നടത്തി. 2002-ലാണ് റാങ്ക് ലിസ്റ്റ് പുറത്തുവരുന്നത്. 2002-ൽ റാങ്ക് ലിസ്റ്റ് പുറത്തുവരുമ്പോഴേക്കും തൊഴിലിനുവേണ്ടി അപേക്ഷിച്ചവരുടെ പ്രായപരിധി കഴിഞ്ഞിരിക്കുകയാണ്. ഇങ്ങനെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള പല ആളുകളുടേയും പ്രായപരിധി കഴിഞ്ഞുപോയി. ഇനി ഒരു പരീക്ഷ എഴുതി റാങ്ക് ലിസ്റ്റിൽ വന്ന് ഒരു തൊഴിൽ കിട്ടും എന്ന സാദ്ധ്യത ഇവരെ സംബന്ധിച്ച് ഇല്ല. നിയമന നിരോധനത്തിന്റെ ഭാഗമായി ഡിപ്പാർട്ടുമെന്റുകളും ഒഴിവുകളും റിപ്പോർട്ടു ചെയ്യണ്ട എന്നുള്ള ഒരു വ്യവസ്ഥ ഇവിടെ നിലവിലിരുന്നു. യഥാസമയം വേക്കൻസി റിപ്പോർട്ട് ചെയ്യാത്തതിന്റെ ഭാഗമായിട്ടാണ് പി. എസ്. സി.ക്ക് ഈ വേക്കൻസികളിൽ ഉദ്യോഗാർത്ഥികളെ നിയമിക്കാൻ കഴിയാതിരുന്നത്. ഇപ്പോഴും റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരുകയും ചെയ്തതുകൊണ്ട് വളരെയേറെ ബുദ്ധിമുട്ടുകയാണ്. അതുകൊണ്ട് അടിയന്തിരമായി ഡിപ്പാർട്ടുമെന്റുകളെ കൊണ്ട് വേക്കൻസി റിപ്പോർട്ട് ചെയ്യിച്ച് ആ വേക്കൻസികളിൽ പി. എസ്. സി. യെക്കൊണ്ട് നിയമനം നടത്തിക്കാനാവശ്യമായ നടപടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ ഗൗരവമായി സ്വീകരിക്കുന്നതോടൊപ്പം തന്നെ സാദ്ധ്യതകളും മുൻനിർത്തി പി. എസ്. സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി ഒരു വർഷം കൂടി നീട്ടിക്കൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, ഇപ്പോൾ നിയമന നിരോധനം ഇല്ല. ഒഴിവുകളും മുഴുവൻ നികത്തപ്പെടും. ഞാൻ അത് വ്യക്തമായി ഒരിക്കൽക്കൂടി ഈ സഭയ്ക്ക് ഉറപ്പുതരികയാണ്. മുനിസിപ്പാലിറ്റി കോമൺ സർവ്വീസിൽ മാത്രമല്ല, ഏതെങ്കിലും പോസ്റ്റുകളിൽ പി. എസ്. സി. ലിസ്റ്റ് ഉണ്ടായിരുന്നിട്ടും ഒഴിവുകൾ നികത്താതിരിക്കുകയോ ഡെയ്ലി വേജസിലോ മറ്റേതെങ്കിലും വിധത്തിലോ ആളുകളെ നിയമിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ബഹുമാനപ്പെട്ട മെമ്പർമാർ ശ്രദ്ധയിൽപ്പെടുത്തിയാൽ മതി. അതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് സാധാനം ചോദിക്കുകയും ആ വേക്കൻസി നികത്തുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യും. പക്ഷെ ലിസ്റ്റിന്റെ കാലാവധി നീട്ടുന്നതിന് ബുദ്ധിമുട്ടുണ്ട്. അതിനോട് പി. എസ്. സി.-യും യോജിക്കുന്നില്ല. നിയമന നിരോധനമില്ലാത്ത ഒരു അവസരത്തിലല്ലെങ്കിൽ മറ്റെങ്കിലും സാങ്കേതികമായ സാഹചര്യത്തിൽ ലിസ്റ്റിന്റെ കാലാവധി നീട്ടുന്നതിനു ബുദ്ധിമുട്ടുണ്ട്; അതുകൊണ്ട് സാധിക്കില്ല.

LIBRARY ARCHIVES Kerala Legislative Assembly